LIBRARY ARCHIVES Kerala Legislative Assembly

COCHIN LEGISLATIVE COUNCIL PROCEEDINGS

OFFICIAL REPORT OF THE LEGISLATIVE SESSION—1122

Thursday, *the* 17th April 1947 / 4th Medam 1122

The Council met in the Council Hall at half past Eleven of the Clock with the Hon'ble President (Mr. L. M. Pylee, M.A. & B.L.) in the Chair.

Mrs. T. Francis, Mrs. Dakshayani Velayudhan, Dr. S. S. Rao, Messrs P. V. Sebastian, M. O. Thomakutty, Jos K. Verghese, K. A. Raghavan, S. S. Koder, T. V. Kochuvareed, T. K. L. Kunhuvareed, C. N. Ittiravi Nambudiri, Parambi Lonappen, K. Balakrishna Menon, A. Eachara Menon, S. P. Luiz, M. K. Verghese, M. I. Paul, C. S. Panicker and P. Achutha Menon were absent.

1. QUESTIONS AND ANSWERS

PRICE OF SUGAR ISSUED ON SPECIAL PERMITS—DETAILS REGARDING

369. മിസ്റ്റർ ജോസ് കെ. വട്ടിസ്സ്: താഴെപറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) സ്പെഷ്യൽ പർമിറ്റപ്രകാരം പഞ്ചസാരയുടെ വില ഇരട്ടിപ്പിച്ചതിനെപ്പറ്റി ഗോമതി, കൊച്ചിൻ ടൈംസ്, ജന്മഭൂമി, നവലോകം മുതലായവയുടെ മുഖപ്രസംഗങ്ങൾ ഗവൺമെണ്ടിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ക്ഷേണസാധനങ്ങളുടെ വില നിശ്ചയിക്കുന്നതു കേന്ദ്രഗവൺമെണ്ടിന്റെ അനുവാദത്തോടുകൂടിയാണോ;

(സി) പഞ്ചസാരവില സംബന്ധിച്ചുംമറ്റും കേന്ദ്രഗവൺമെണ്ടും കൊച്ചി ഗവൺമെണ്ടും തമ്മിൽ നടന്ന കത്തിടപാടുകൾ മേശപ്പുറത്തുവെക്കുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) അല്ല.

(സി) യാതൊരു കത്തിടപാടുകളും ഉണ്ടായിട്ടില്ല.

VETERINARY HOSPITALS IN THE STATE

370. Mrs. K. M. R. Menon *(Trichur-Women):* Will Government be pleased to state.—
how many Veterinary Hospitals are there in the State?

Rao Bahadur T. K. Nayar *(Minister for Public Health):* Twelve Veterinary Hospitals and Eleven Veterinary dispensaries.

മിസ്സിസ്സ് കെ. എം. ആർ. മേനോൻ: ഏത് വെറ്റിനറി ഹോസ്പിറ്റലുകളിലും മൃഗങ്ങളെ കിടത്തി ചികത്സിക്കുവാനുള്ള സൌകര്യമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: എല്ലാ വെറ്റിനറി ഹോസ്പിറ്റലുകളിലും മൃഗങ്ങളെ കിടത്തി ചികത്സിക്കാനുള്ള സൌകര്യമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അങ്ങിനെ സൌകര്യമില്ലാത്ത ഹോസ്പിറ്റലുകളിൽ സൌകര്യമുണ്ടാക്കാനായി വരുന്ന ബഡ്ജറ്റിൽ പണം കൊള്ളിക്കാമോ?

റാവുബഹദൂർ ടി. കെ. നായർ: എല്ലാ ആശുപത്രികളിലും മൃഗങ്ങളെ കിടത്താനുള്ള സൌകര്യമുണ്ട്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതില്ലാത്തിടത്തു് ഉണ്ടാക്കാൻ, വരുന്ന ബഡ്ജറ്റിൽ പണം കൊള്ളിക്കാമോ എന്നാണ് ചോദിക്കുന്നതു്.

റാവുബഹദൂർ ടി. കെ. നായർ: സൌകര്യമില്ലെങ്കിൽ ഉണ്ടാക്കാൻ ബഡ്ജറ്റിൽ പണം കൊള്ളിക്കാം.